**2013-05-18 / Editor**

# മലയാള സാഹിത്യത്തെ സ്നേഹിക്കുന്ന മലയാളികള്ക്കായി ഇന്ഫോ മലയാളി സമര്പ്പിക്കുന്നു മാരിവില്ല്

മലയാളത്തെ ഹൃദയത്തിലേറ്റുന്നതില് കേരളനാട്ടിലെ ജനതയെക്കാള് ഒട്ടും പിന്നിലല്ല പ്രവാസി മലയാളികളും. സ്വന്തം മക്കളെ മലയാളത്തനിമയോടെ വളര്ത്തണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കളുടെ എണ്ണവും നിരവധി. ഭാഷ ശൈലികൊണ്ടും ഭംഗികൊണ്ടും സംസ്കാരം കൊണ്ടും ഏറെ സമ്പുഷ്ടവും ശ്രേഷ്ടവുമാണ് നമ്മുടെ മലയാളം. എന്നാല്, ഇത് സൌന്ദര്യ ഭംഗിയോടെ എവിടെ ലഭിക്കും എന്നതാണു യുകെയിലെ മലയാളി സമൂഹം ഇന്ന് അന്വേഷിക്കുന്നത്. ഭാഷയുടെ സൌന്ദര്യ ആവിഷ് കാരമാണ് സാഹിത്യം , ഇതിനൊരു ശാശ്വത പരിഹാരവുമായി ഞങ്ങള് നിങ്ങളുടെ മുന്നില് എത്തുന്നു. വളരെ കുറച്ചു മാസങ്ങള്ക്കൊണ്ട് നിങ്ങള് ഹൃദയ പൂര്വ്വം സ്വീകരിച്ച നിങ്ങളുടെ സ്വന്തം 'ഇന്ഫോ മലയാളി.കോ'മിലൂടെ ഇതിനൊരു ശാശ്വത പരിഹാരമായി 'മാരിവില്' എന്ന കിങ്ങിണിച്ചെപ്പ് നിങ്ങള്ക്കു മുന്പില് വര്ണങ്ങള് വിരിയിക്കുമ്പോള് അതിന് ചുക്കാന് പിടിക്കുന്ന ഇന്ഫോമലയാളി ടീമിനെ നയിക്കുന്നത് മലയാളികളുടെ പ്രിയപ്പെട്ട സാഹിത്യകാരന് ശ്രീ. കാരൂര് സോമനാണ്. അദ്ദേഹത്തിനു പിന്തുണ നല്കാന് സാഹിത്യ ലോകത്ത് സ്വന്തം ഇരിപ്പിടമുള്ള നിരവധി സാഹിത്യകാരന്മാരുമുണ്ട്.

യുകെ മലയാളികള്ക്കിടയില് മാധ്യമ ധര്മം കൊണ്ടും ഭാഷാശുദ്ധികൊണ്ടും അവതരണ ശൈലികൊണ്ടും വേറിട്ടു നില്ക്കുന്ന 'ഇന്ഫോമലയാളി'വിദേശത്തുള്ള കുട്ടികള്ക്കു വേണ്ടിയും ബാല സാഹിത്യ കൃതികള് പ്രസിദ്ധീകരിക്കാന് താത്പര്യപ്പെടുന്നു . ഞങ്ങള്ക്ക് അഭിമാനത്തോടെ അവകാശപ്പെടാന് കഴിയും വിദേശത്ത് ഇത്തരമൊരു സംരംഭം ആദ്യമായി അവതരിപ്പിക്കുന്നത് ഇന്ഫോമലയാളിയിലൂടെയാണെന്ന്. അതുകൊണ്ടു തന്നെ നമ്മുടെ മലയാളി സമൂഹത്തിന് ഇത് ഇരട്ടി മധുരം നല്കും എന്നുള്ളതിന് സംശയമില്ല. നിങ്ങള്ക്കായി ഞങ്ങള് നല്കുന്ന ആ വിഭവങ്ങള്ക്കായി ഞായറാഴ്ച്ച വരെ കാത്തിരിക്കുക... .

മാരിവില്ലിന് നേതൃത്വം നല്കുന്ന ഞങ്ങളുടെ എഡിറ്ററെക്കുറിച്ച് രണ്ടുവാക്ക്.



മലയാള സാഹിത്യകാരന്മാരില് ഇന്ന് ഏറെ പ്രശസ്തനാണ് ശ്രീ. കാരൂര് സോമന്. പതിററാണ്ടുകള്ക്കു മുന്പ് പ്രവാസി ജീവിതം ആരംഭിച്ച അദ്ദഹേം, സ്വന്തം നാടുവിട്ട് മറുനാട്ടിലത്തെിയങ്കെിലും മലയാള ഭാഷയയെും , മലയാളത്തനിമയയെും കവൈിടാന് തയാറായില്ല. അതിന്റെ ഫലമായി മലയാള ഭാഷക്ക് ലഭിച്ചത് വിവിധ രംഗത്തുള്ള 25 ലറേ പുസ്തകങ്ങള് ആണ്. യൂറോപ്പ്, ഗള്ഫ്, അമരേിക്ക, കരേളം എന്നിവിടങ്ങളില സാഹിത്യലോകത്ത് നിറസാന്നിധ്യമാണ് ഇന്ന് അദ്ദഹേം. സാഹിത്യവദേികളിലും സദസുകളിലും മലയാളത്തിന്റെ സ്വന്തം അംബാസിഡര് ആയി മലയാളത്ത പരിപോഷിപ്പിക്കുന്ന കാരൂര് സോമന് വളരെ കുറഞ്ഞ കാലയളവിനുള്ളില് യുകെ മലയാളികള് നഞ്ചെോടു ചരേ്ത്ത അവരുടെ സ്വന്തം ഓണ്ലനൈ് പത്രമന്നെു വിശഷേിപ്പിക്കുന്ന ഇന്ഫോമലയാളി.കോമില് എത്തുകയാണ് തന്റെ സാഹിത്യ സൃഷ്ടികളുമായി. സാഹിത്യത്തിന്റെ സമസ്ത മഖേലകളിലും കയ്യൊപ്പു ചാര്ത്തിയ കാരൂര് നാടകം, നോവല്, കഥ, കവിത, ലഖേനങ്ങള്, യാത്രാവിവരണം, കായികം ,സയന്സ് തുടങ്ങിയ മഖേലകളില് ഇരുപത്തഞ്ചിലധികം കൃതികള് പ്രസിദ്ധപ്പടുെത്തി. നന്നഠേ ചറെുപ്പത്തില് തന്നെ കവിതകള് എഴുതുകയും ബാലപ്രസിദ്ധീകരണങ്ങളില് പ്രസിദ്ധപ്പടുെത്തുകയും ചയ്െതു കൊണ്ടായിരുന്നു സാഹിത്യ ലോകത്തകേ്ക് എത്തിയത്. അദ്ദഹേത്തിന്റെ തിരുവനന്തപുരം, തൃശൂര് റഡേിയോ സ്റ്റഷേനുകളില് റഡേിയോ നാടകങ്ങള് പ്രക്ഷപേണം ചയ്െതു. കര്ട്ടനിടൂ, കാര്മഘേം എന്നീ റഡേിയോ നാടകങ്ങള് കാരൂര് സോമന് ഏറെ ആരാധകരെ നടേിക്കാെടുത്തു. 1972 മുതല് സ്റ്റജേ് നാടക ലോകത്തത്തെി. ഇക്കാലത്ത് എഴുതിയ ഇരുളടഞ്ഞ താഴ്വര എന്ന നാടകം ഏറെ വിവാദത്തില്പ്പടെ്ടു. അക്കാലത്ത പോലീസിന്റെ കിരാതവാഴ്ചകള്ക്കതിെരയുള്ള ശക്തമായ താക്കീത് എന്ന നിലയിലായിരുന്നു നാടകം രംഗത്തത്തെിച്ചത്. എന്നാല് നാടകത്തിനതെിരെ പോലീസ് തന്നെ രംഗത്തു വന്നു കാരൂരിനെ നക്സലറൈ്റ് ആണന്നെ കുറ്റം ചുമത്തി മാവലേിക്കര പോലീസ് മര്ദ്ദിക്കുക ഉണ്ടായി. വിലക്കും വിവാദവും ഭീഷണിയും ശക്തിപ്പടെ്ടതോടെ റാഞ്ചിയിലകേ്കു കാരൂര് ഒളിച്ചോടി. റാഞ്ചി മലയാളി അസോസിയഷേനു വണേ്ടി നാടകങ്ങളും ഗാനങ്ങളുമഴെുതി കാെണ്ട് സജീവ കലാജീവിതം തുടര്ന്ന കാരൂര് സോമന് ഇക്കാലത്ത് എഴുതിയ നാടകങ്ങള് ബോംബ,െ ആഗ്ര, ലുധിയാന, ബാെക്കാറോ മലയാളി സംഘടനകള് രംഗത്തത്തെിച്ചു. ഇവിടയൊെക്കയെും ഏറെ കയ്യെടികളോടയൊയിരുന്നു കാരൂരിന്റെ നാടകങ്ങളെ ആസ്വാദകര് സമീപിച്ചത്. ശ്രീമൂലനഗരം വിജയന്റെ അവതാരികയോടെ ആദ്യത്തെ

പ്രസിദ്ധീകരണം വളിെച്ചം കണ്ടു. 1985ല് കോട്ടയം വിദ്യാര്ത്ഥിമിത്രമായിരുന്നു പ്രസാധകര്. പുസ്തകത്തിന്റെ പരേ് കടല്ക്കര. റാഞ്ചി എക്സ്പ്രസ്സ് ദിനപത്രത്തില് ജോലി ചയ്െതു കൊണ്ടിരിക്കവേ ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. അക്കാലത്തെ അനുഭവപശ്ചാത്തലത്തില് നിന്ന് ഡല്ഹിയില് വച്ച് കണ്ണീര്പ്പൂക്കള്, കദനമഴ നനഞ്ഞപ്പോള് എന്നിവയെഴുതി. കണ്ണീര്പ്പൂക്കള് എന്ന കൃതിക്ക് അവതാരികയെഴുതിയത് പ്രശസ്ത സാഹിത്യകാരന് തകഴി ശിവശങ്കരപ്പിള്ളയായിരുന്നു. തുടര്ന്ന് ഗള്ഫ് നാടുകളിലേക്ക് കുടിയേറി. ഇവിടെ വച്ച് എഴുത്തു സജീവമാക്കി. കനല്, കിനാവുകളുടെ തീരം, (നോവലുകള്), സുഗന്ധസൂനങ്ങള് (കവിതകള്), സൗദിയുടെ മണ്ണില്, കഥകളുറങ്ങുന്ന പുണ്യഭൂമി (ലേഖനങ്ങള്) എന്നിവ പ്രസിദ്ധപ്പെടുത്തി. കടലിനക്കരെ എംബസി സ്കൂള് ഗള്ഫില് നിന്നുള്ള ആദ്യ മലയാള സംഗീത നാടകം എന്ന ഖ്യാതി നടേിയെടുത്തു. കണ്ണീര്പ്പൂക്കള് എന്ന നോവല് ആദ്യത്തെ വിദേശമലയാളി സാഹിത്യ പുരസ്ക്കാരത്തിന് അര്ഹമായി. ഇന്ത്യന് പ്രധാനമന്ത്രിയായിരുന്ന നരസിംഹ റാവുവില് നിന്നായിരുന്നു പുരസ്കാരം കാരൂര് ഏറ്റു വാങ്ങിയത്.

ലണ്ടനിലേക്കു കുടിയേറിയതോടെ, കാല്പ്പാടുകള്, കാണാപ്പുറങ്ങള്, കാവല്മാലാഖ, കനല്ച്ചിറകുകള്, കത്തനാര്, കഥാനായകന് എന്നീ നോവലുകള്, ബാല സാഹിത്യ നോവലായ കിളികൊഞ്ചല്, കര്ഷകമന്ത്രി. കടലാസ്, കറുത്തപക്ഷികള് (കവിതകള്), കനകനക്ഷത്രങ്ങളുടെ നാട്ടില് (യാത്രാവിവരണം), കാട്ടുകോഴികള് എന്ന ചെറുകഥാസമാഹാരം എന്നിവ പ്രസിദ്ധപ്പെടുത്തി. ചരിത്രം, രാഷ്ട്രീയം, സാഹിത്യം എന്നിവയുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള ഗവേഷണം തുടരുന്നു. ശ്രീ കാരൂറിന്റെ കഥാസൃഷ്ടികള്ക്ക് വായനക്കാര് ഏറെയാണ്. മലയാള സാഹിത്യത്തില് വിവിധ രംഗങ്ങളില് കയ്യൊപ്പ് ചാര്ത്തിയിട്ടുള്ള സാഹിത്യകാരന്മാര് അപൂര്വ്വമാണ്. അതുകൊണ്ടുതന്നെ ശ്രീ കാരൂര് സോമന്റെ സൃഷ്ടികള്ക്കൊപ്പം അദ്ദേഹം നയിക്കുന്ന ഒരു വിലിയ സാഹിത്യ സമൂഹവും അവരുടെ സൃഷ്ടികളും ഇനി നിങ്ങള്ക്കും സ്വന്തമാവുകയാണ്. കാത്തിരിക്കുക... മാറോടു ചേര്ക്കാന്... അതോടൊപ്പം ഞങ്ങളെ ഹൃദയത്തോടു ചേര്ത്ത വലിയൊരു പ്രവാസി സമൂഹത്തിന്റെ പ്രാര്ഥനയും.